പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2306

20.06.2012-ൽ മറുപടിയ്ക്ക്

## കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണയ സമ്പ്രദായം

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണയ സമ്പ്രദായം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ; | (എ) | കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സമ്പ്രദായം പരീക്ഷണാർത്ഥം തിരുവനന്തപുരം, ഉള്ളൂർ, നെയ്യാറ്റിൻകര ഗ്രൂപ്പുകളിൽപ്പെട്ട ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമ്പ്രദായത്തിന്റെ ഉയർച്ചയ്ക്കായി ദേവസ്വം ബോർഡ് ഉദ്ദേശിച്ച കാര്യങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | കാണിക്ക തിട്ടപ്പെടുത്തൽ കൂടുതൽ സുതാര്യമാക്കുക, അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർമാർക്ക് ക്ഷേത്ര ഭരണ സംബന്ധമായ കാര്യങ്ങളിൽ കൂടുതൽ സമയം ലഭിക്കുക എന്നിവയാണ് കേന്ദ്രീകൃത കാണിക്ക തിട്ടപ്പെടുത്തൽകൊണ്ട് ദേവസ്വം ബോർഡ് ഉദ്ദേശിച്ചത്. |
| (സി) | മൂല്യനിർണയത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; | (സി) | തിരുവനന്തപുരം ഗ്രൂപ്പിൽ ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിലെ ഭജനമഠം |
| (ഡി) | ഓരോ ക്ഷേത്രത്തിന്റെയും കാണിക്ക തുക പ്രത്യേകമായി രേഖപ്പെടുത്തുമോ; | (ഡി) | പ്രത്യേകമായി രേഖപ്പെടുത്തും |
| (ഇ) | കാണിക്ക തിട്ടപ്പെടുത്തുന്ന ജോലിയിൽ നിന്നും ക്ഷേത്രം ശാന്തിക്കാരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ശാന്തിമാരുൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതാണ് കാണിക്ക തിട്ടപ്പെടുത്തൽ. |

സെക്ഷൻ ഓഫീസർ